പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശസർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ്

29 (*389) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഉണ്ട്. വിദേശപഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ പ്രസ്തുത അപേക്ഷയുടെ മെറിറ്റ് പരിഗണിച്ച് ഉചിതമായ തീരുമാനമെടുത്തുവരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിദേശത്തുപോയി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്തോ വിദേശത്തോ ലഭിക്കുന്ന തൊഴിൽ സാധ്യതയാണ് ധനസഹായം അനുവദിച്ച് നൽകുന്നതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(സി) വിവിധ വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികൾ ഓരോ കോഴ്സുകൾക്കും വ്യത്യസ്ത നിരക്കുകളാണ് ഈടാക്കുന്നത് എന്നതിനാൽ അപേക്ഷകർക്ക് രേഖകളുടെ അടിസ്ഥാനത്തിൽ പഠനത്തിനാവശ്യമായ തുക അനുവദിച്ചുനൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാർത്ഥിയുടെ അപേക്ഷയുടെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലൂടെയാണ് ധനസഹായം അനുവദിച്ചുവരുന്നത്.

നദികളെ മാലിന്യവിമുക്തമാക്കാൻ പദ്ധതികൾ

30 (*390) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ മാലിന്യവിമുക്തമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി രൂപീകരണത്തിന് ഏതെല്ലാം വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയ മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ കൊണ്ടുവന്നത് പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിട്ടർ ചെയ്തും ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. നദികളിലേയ്ക്ക് വന്നുചേരുന്ന പ്രധാന നീർച്ചാലുകൾ/തോടുകൾ എന്നിവ മാലിന്യം കലരാതെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മാണവും ഓരുജലം കയറി നദീജലം മലിനമാകുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചും നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിച്ചും

LIBRARY ARCHIVES Kerala Legislative Assembly